ഗവൺമെന്റ് എഞ്ചിനീറിംഗ് കോളേജ് പാലക്കാട്
ശ്രീകൃഷ്ണപുരം
**email:principal@gecskp.ac.in**
**Mobile:940000412**

നമ്പർ : **GECPKD/373/2026-H1** തീയ്യതി: **24-09-2026**

**വിഷയം: 2026-27** അധ്യയന വർഷത്തിൽ ഹോസ്റ്റലിൽ അവശേഷിക്കുന്ന ഒഴിവുള്ള സീറ്റുകളിലേക്ക് ബി.ടെക്./എം.ടെക്. വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത് – അപേക്ഷ ക്ഷണിക്കുന്നത് – സംബന്ധിച്ച്.

---

**2026-27** അധ്യയന വർഷത്തിൽ ഹോസ്റ്റലിൽ അവശേഷിക്കുന്ന ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം ലഭിക്കുന്നതിനായി, **22.09.2026**-ന് ചേർന്ന ഹോസ്റ്റൽ കമ്മിറ്റി യോഗത്തിലെ തീരുമാനപ്രകാരം, താഴെപ്പറയുന്ന ഗൂഗിൾ ഫോം മുഖേന അർഹരായ വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**ഒഴിവുള്ള സീറ്റുകളുടെ വിശദാംശങ്ങൾ**

1. **ലേഡീസ് ഹോസ്റ്റൽ** – ബി.ടെക്. ഒന്നാം വർഷം, ജനറൽ വിഭാഗം –**3 സീറ്റുകൾ.**
2. **മെൻസ് ഹോസ്റ്റൽ** – SC/ST/BPL വിഭാഗം – **8 സീറ്റുകൾ.**
   (ഒന്നാം വർഷം മുതൽ നാലാം വർഷം വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്.)
3. **മെൻസ് ഹോസ്റ്റൽ** – ജനറൽ വിഭാഗം – **16 സീറ്റുകൾ.**
   (ഒന്നാം വർഷം മുതൽ നാലാം വർഷം വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്.)

ലേഡീസ്/മെൻസ് ഹോസ്റ്റലിൽ പ്രവേശനത്തിനായി നേരത്തെ അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ **വീണ്ടും അപേക്ഷ സമർപ്പിക്കേണ്ടതില്ല.**

**ലേഡീസ് ഹോസ്റ്റലിലെ ഒഴിവുള്ള സീറ്റുകളിലേക്ക് ഒന്നാം വർഷ ബി.ടെക്. സ്പോട്ട് അഡ്മിഷൻ മുഖേന പ്രവേശനം ലഭിച്ച വിദ്യാർത്ഥിനികൾ മാത്രം പുതിയതായി അപേക്ഷ സമർപ്പിച്ചാൽ മതിയാകും.** നേരത്തെ അപേക്ഷ സമർപ്പിച്ചിട്ടുള്ള മറ്റ് വിദ്യാർത്ഥികളുടെ അപേക്ഷകളും പുതുതായി ലഭിക്കുന്ന അപേക്ഷകളും പരിഗണിച്ച് പുതുക്കിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

**അപേക്ഷയും പ്രവേശനവുമായി ബന്ധപ്പെട്ട സമയക്രമം**

1. **അപേക്ഷ സ്വീകരിക്കുന്ന തീയതി** – **24.09.2026**

2. **അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി** – 25.09.2026, ഉച്ചയ്ക്ക്12.00 മണി വരെ
3. **കരട് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി** – 26.09.2026
4. **കരട് റാങ്ക് പട്ടിക സംബന്ധിച്ച പരാതികൾ സമർപ്പിക്കേണ്ട അവസാന തീയതി** – 28.09.2026
5. **അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി** – 30.09.2026
6. **SBI Collect മുഖേന ഫീസ് സ്വീകരിക്കുന്ന കാലയളവ്** – 01.10.2026 മുതൽ 05.10.2026 വരെ
7. **ഹോസ്റ്റൽ പ്രവേശന കാലയളവ്** – 01.10.2026 മുതൽ 07.10.2026 വരെ
8. ഹോസ്റ്റൽ പ്രവേശനത്തിനുള്ള അപേക്ഷകൾ **ഗൂഗിൾ ഫോം മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ.** അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഗൂഗിൾ ഫോം ലിങ്ക് ചുവടെ ചേർക്കുന്നു:

**https://docs.google.com/forms/d/e/1FAIpQLSdsToFVTTW0IL2s0aAu68fUVdxNo_61WAcwMCAYLHwxq2vtsA/viewform?usp=publish-editor**

9. അപേക്ഷാ ഫോമിന്റെ പകർപ്പ് കോളേജ് വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷാ ഫോം പൂരിപ്പിച്ച് വിദ്യാർത്ഥിയും രക്ഷിതാവും ഒപ്പിട്ട്, ഗൂഗിൾ ഫോമിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷാ ഫോമിനോടൊപ്പം ഉൾ പ്പെടുത്തിയിട്ടുള്ള **ഹോസ്റ്റൽ ചട്ടങ്ങൾ** വിദ്യാർത്ഥിയും രക്ഷിതാവും വായിച്ച് മനസ്സിലാക്കിയ ശേഷം ഒപ്പിട്ട് ഗൂഗിൾ ഫോമിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. പ്രസ്തുത രേഖകൾ അപ്‌ലോഡ് ചെയ്യാത്ത പക്ഷം അപേക്ഷ പരിഗണിക്കുന്നതല്ല.

   ഗൂഗിൾ ഫോമിൽ അപ്‌ലോഡ് ചെയ്ത രേഖകളുടെ ഒറിജിനൽ പകർപ്പുകൾ ഹോസ്റ്റൽ പ്രവേശന സമയത്ത് നേരിട്ട് ഹാജരാക്കേണ്ടതാണ്. പ്രവേശന സമയത്ത് രക്ഷിതാവിന്റെ സാന്നിധ്യം നിർബന്ധമായിരിക്കും.

10. ഹോസ്റ്റൽ പ്രവേശനം അനുവദിക്കുന്നതിനായി **ദൂരപരിധി, കുടുംബവരുമാനം എന്നിവ പരിഗണിക്കുന്നതാണ്.**

11. **2026-27** അധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ പ്രവേശനം നൽകുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി **വാർഡൻ, അസിസ്റ്റന്റ് വാർഡൻ, റെസിഡന്റ് ട്യൂട്ടർ** എന്നിവരെ ചുമതലപ്പെടുത്തുന്നു.

**നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.**

**ഡിജിറ്റലായി അംഗീകരിച്ചത്**

**REMESH BABU K R**

**PRINCIPAL**

സ്വീകർത്താവ്:

1. വാർഡൻ ( ലേഡീസ് /മെൻസ് ഹോസ്റ്റൽ )
2 അസിസ്റ്റന്റ് വാർഡൻ ( ലേഡീസ് /മെൻസ് ഹോസ്റ്റൽ )
3 റെസിഡന്റ് ട്യൂടർ ( ലേഡീസ് /മെൻസ് ഹോസ്റ്റൽ )
4 എല്ലാ വകുപ്പ് തലവൻ മാർക്കും
5 വെബ് അഡ്മിൻ
6 ഓഫീസ് കോപ്പി

Digitally signed by
K R Remesh Babu
Date: 24-09-2026
13:43:08